# Malayala Manorama
# 31 August 2018
# Kuttanad; Flood , Loss, Thousands with no Place to Go



**ഓണത്തിനും തെളിയാതെ:** പ്രളയത്തിൽ മുങ്ങിയ കുട്ടനാടിന്റെ ആകാശദൃശ്യം. പൂർണമായി മുങ്ങിയ ആലപ്പുഴ-ചങ്ങനാശേരി റോഡാണു നടുവിൽ

### കുട്ടനാട്

## മടങ്ങാൻ ഇടമില്ലാതെ ആയിരങ്ങൾ

കുട്ടനാട് ● പ്രളയം ഏൽപിച്ച ആഘാതത്തിൽനിന്നു കരകയറാതെ ഓണദിനത്തിലും കുട്ടനാട്ടുകാർ. തകർന്ന വീടുകളിലേക്ക് എങ്ങനെ മടങ്ങുമെന്നറിയാതെ പകച്ചു നിൽക്കുകയാണു കുട്ടനാട്ടുകാർ.

കുട്ടനാട്ടിലെ ജലനിരപ്പ് കാര്യമായി താണതും ആലപ്പുഴ-ചങ്ങനാശേരി റോഡിൽ ഗതാഗതം ഇന്നലെ ഭാഗികമായി പുനഃസ്ഥാപിച്ചതും നേരിയ ആശ്വാസമാണ്. പക്ഷേ, താഴ്ന്ന പ്രദേശങ്ങളിലെയും പാടശേഖരങ്ങളുടെ ഉൾപ്രദേശങ്ങളിലെയും വീടുകളിൽനിന്നു വെള്ളം ഇറങ്ങിയിട്ടില്ല. പല സ്ഥലങ്ങളിലും ഇനിയും വൈദ്യുതി വിതരണം ആയിട്ടില്ല. ഫോൺ ബന്ധം തകർന്നനിലയിലാണ്.

ചങ്ങനാശേരിയിലും ആലപ്പുഴയിലും ക്യാംപുകളിൽ കഴിയുന്ന പലരും വീട് വൃത്തിയാക്കാൻ ഇന്നലെ കൂടുതലായി എത്തിച്ചേർന്നിരുന്നു. ബോട്ട് സർവീസുകൾ ഇല്ലാതിരുന്നതിനാൽ ശിക്കാര വള്ളങ്ങളെയും മറ്റും ആശ്രയിച്ചാണു പലരും വീടുകളിൽ എത്തിയത്.

### ചെങ്ങന്നൂർ

### ശുചീകരണത്തിന്റെ കൂട്ടായ്മ

ചെങ്ങന്നൂർ ● എവിടെയും വീടു വൃത്തിയാക്കൽ സജീവം. ഓണം ഇവിടെ വീടൊരുക്കത്തിന്റേതാകുന്നു.

വീട്ടുകാരെ ശുചീകരണത്തിനു സഹായിക്കാൻ സന്നദ്ധ പ്രവർത്തകരും പൊലീസും സർക്കാർ പ്രതിനിധികളുമൊക്കെയുണ്ട്. ആയിരത്തി അഞ്ഞൂറിലേറെ സന്നദ്ധ പ്രവർത്തകരെ ജില്ലയിലാകെ നിയോഗിച്ചിട്ടുണ്ട്. വയറിങ്, പ്ലംബിങ് സേവനങ്ങൾക്കായി യുവാക്കൾ രംഗത്തുണ്ട്. ഇന്നലെ നൂറുകണക്കിനു വീടുകൾ പൊലീസിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി. ഏറെയും കോളനികളിലായിരുന്നു ഇത്.

ദുരിതാശ്വാസ ക്യാംപുകളിൽനിന്നു മിക്കവരും പകൽവീട് വൃത്തിയാക്കാൻ പോകുന്നുണ്ട്. അവർക്കു ഭക്ഷണം വീടുകളിൽ എത്തിക്കുന്നുണ്ടെന്ന് അധികൃതർ പറഞ്ഞു. എന്നാൽ, ചില ഉൾപ്രദേശങ്ങളിൽ പലപ്പോഴും ഈ ഭക്ഷണം എത്തുന്നില്ലെന്നു പരാതിയുണ്ട്. വീട്ടിലേക്കു മടങ്ങുന്നവർക്ക് ഓണക്കിറ്റ് നൽകിത്തുടങ്ങി. ക്യാംപുകളിൽ റജിസ്റ്റർ ചെയ്തവർക്കു പിന്നീടെത്തിയും കിറ്റ് വാങ്ങാം. ഓണമായതിനാൽ കുറേപ്പേർ ബന്ധുവീടുകളിലേക്കു പോയിട്ടുണ്ട്. വീടു തകർന്നതിനാൽ തിരികെ പോകാൻ കഴിയാത്ത കുറച്ചുപേരുണ്ട്. അവർക്കു വേണ്ട സൗകര്യങ്ങൾ തുടർന്നും നൽകും.